**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3379** **19.06.2019 ൽ മറുപടിയ്ക്ക്**

## അന്തർ സംസ്ഥാന ബസ്സ് സർവ്വീസ്

| | ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ബംഗലൂരു, ചെന്നൈ റൂട്ടുകളിൽ എത്ര സ്വകാര്യ ലക്ഷ്വറി ബസ്സുകൾ പതിവായി സർവ്വീസ് നടത്തുന്നുണ്ട് എന്നറിയിക്കാമോ; | (എ) | ഏകദേശം 365 വാഹനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ബംഗളൂരു, ചെന്നൈ റൂട്ടുകളിലേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. പതിവായി എത്ര സർവ്വീസുകളാണ് നടത്തുന്നത്; | (ബി) യും (സി) യും | ബാംഗ്ലൂരിലേയ്ക്ക് ദിവസം 48 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. തമിഴ്നാടുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരം എറണാകുളം-ചെന്നൈ, തിരുവനന്തപുരം-ചെന്നൈ എന്നീ റൂട്ടുകളിലേയ്ക്ക് സർവ്വീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പെർമിറ്റ് ലഭിച്ചിട്ടും ചെന്നൈ ഉൾപ്പെടെയുള്ള നഗരങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്താതെ ഗുരുതര കൃത്യ വിലോപം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | എങ്കിൽ അന്തർസംസ്ഥാന റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി.യെക്കൊണ്ട് പതിവായി ആവശ്യാനുസരണം സർവ്വീസ് നടത്താൻ സർക്കാർ എന്തു നടപടി സ്വീകരിക്കും; വിശദമാക്കുമോ; | (ഡി) | അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾ പ്രകാരമാണ് മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് ബസ് സർവ്വീസ് നടത്തി വരുന്നത്. നിലവിൽ കർണ്ണാടക, തമിഴ്നാട് സംസ്ഥാന ങ്ങളുമായി അന്തർസംസ്ഥാന കരാർ രൂപീകരിച്ചിട്ടുണ്ട്. ആയതിലെ വ്യവസ്ഥകൾക്ക് വിധേയമായി യാത്രക്കാരുടെ ആവശ്യാനുസരണം പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന എല്ലാ ബസ്സുകളുടെയും ടിക്കറ്റ് നിരക്ക് നിശ്ചയിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | അതാത് സംസ്ഥാനങ്ങളിൽ സർക്കാർ നിശ്ചയിച്ച നിലവിലുള്ള നിരക്കുകൾ പ്രകാരമാണ് കെ.എസ്.ആർ. ടി.സി അന്തർസംസ്ഥാന സർവ്വീസുകളിൽ ടിക്കറ്റ് നിരക്കുകൾ ഈടാക്കി വരുന്നത്. അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ വാഹനങ്ങളുടെ ചാർജ്ജ് നിശ്ചയിക്കുവാൻ ജസ്റ്റിസ് രാമചന്ദ്രൻ ചെയർമാനായുള്ള ഫെയർ റിവിഷൻ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ